# ഒരു റിബൽ എങ്ങനെ ഒരു രാജ്യദ്രോഹിയാകും?

അരുന്ധതി റോയ്

പരിഭാഷ : കെ.ആർ. അജിതൻ

**സി.പി.എം നേതൃത്വത്തിലുള്ള ഇടതുമുന്നണി സിംഗൂരിൽ നിന്നും നന്ദിഗ്രാമിൽ നിന്നും പാഠങ്ങളൊന്നും ഉൾക്കൊള്ളാൻ തയ്യാറായിട്ടില്ല എന്നതിന്റെ സൂചനകളാണ് ലാൽഗഡിൽ നിന്നും ലഭിക്കുന്നത്. ലോകസഭാ തിരഞ്ഞെടുപ്പിൽ അവർക്കേറ്റ പരാജയത്തിന്റെ ശരിയായ കാരണങ്ങൾ തിരയുന്നതിൽ അവർ പരാജയപ്പെട്ടു എന്നുകൂടി ലാൽഗഡ് വ്യക്തമാക്കുന്നു. സിംഗൂരിലും നന്ദിഗ്രാമിലും സംഭവിച്ചതുപോലെ വ്യാവസായിക വികസനത്തിന്റെ പേരിൽ പ്രത്യേക സാമ്പത്തീക മേഖലകൾ നിർമ്മിക്കുന്നതിനായി പ്രാദേശിക ജനതയുടെ വിഭവസമ്പത്ത് കവർന്നെടുക്കുകയായിരുന്നു ലാൽഗഡിലും. ടാറ്റയും, സലീംഗ്രൂപ്പുമായിരുന്നു അവിടെ ജനങ്ങളുടെ എതിർപക്ഷത്തായിരുന്നതെങ്കിൽ ലാൽഗഡിൽ ജിൻഡാൽ സ്റ്റീൽ കമ്പിനിക്കുവേണ്ടിയായിരുന്നു സർക്കാർ ആദിവാസികൾ ഉൾപ്പെടുന്ന ദരിദ്ര ജനവിഭാഗത്തെ തകർത്തെറിയാൻ ശ്രമിച്ചത്. നന്ദിഗ്രാമിലേയും, സിംഗൂരിലേയും പോലെ ദശാബ്ദങ്ങളായി വോട്ടുചെയ്യുന്നവരായിരുന്നു വെസ്റ്റ് മിഡ്നാപൂർ ജില്ലയിലെ ലാൽഗഡിലുള്ള ദരിദ്ര–ആദിവാസി ജനവിഭാഗങ്ങൾ. സി.പി.എം കേഡർമാർ പ്രാദേശികമായി നടത്തുന്ന കൊള്ളക്കെതിരെ ജനങ്ങൾക്കിടയിൽ എതിർപ്പ് നാളുകളായി പുകഞ്ഞുകൊണ്ടിരിക്കുകയായിരുന്നു. നാളുകളായി പുകയുന്ന രോഷവും സി.പി.എമ്മിനോടുള്ള എതിർപ്പുമാണ് ലാൽഗഡിനെ മാവോയിസ്റ്റുകളുടെ ശക്തി കേന്ദ്രമാക്കിയത്. 2008ൽ മുഖ്യമന്ത്രിക്ക് തുണപോകുന്ന വാഹനത്തെ സ്റ്റീൽ ബോംബ് വച്ച് തകർത്തതോടെയാണ് സംസ്ഥാന ഭരണകൂടത്തിന്റെ ശ്രദ്ധ ലാൽഗഡിലേക്ക് തിരിഞ്ഞത്. തുടർന്ന് നന്ദിഗ്രാമിൽ സംഭവിച്ചതുപോലെ കാണുന്നവരെയെല്ലാം മാവോയിസ്റ്റുകളായി ചിത്രീകരിച്ച് ക്രൂരപീഡനങ്ങൾക്കിരയാക്കി. ജനങ്ങളും നന്ദിഗ്രാമിലേതുപോലെ തന്നെ ഇവിടെയും പെരുമാറി. പോലീസ് അതിക്രമങ്ങൾക്കെതിരെ ജനകീയകമ്മറ്റി രൂപീകരിച്ചു. റോഡുകൾ ഉപരോധിക്കപ്പെട്ടും കിടങ്ങുകൾ നിർമ്മിച്ചും പൊതുസമൂഹത്തിൽ നിന്നും ലാൽഗഡിനെ ഒറ്റപ്പെടുത്തി ജനങ്ങൾ ഭരണകൂട ഭീകരതയെ ചെറുത്തു. സി.പി.എം കേഡർമാർ ആട്ടിപുറത്താക്കപ്പെട്ടു.**

**എന്തുകൊണ്ടാണ് നന്ദിഗ്രാമുകൾ ആവർത്തിക്കപ്പെടുന്നത്...? എന്തുകൊണ്ടാണ് ഇടതുപക്ഷമെന്നവകാശപ്പെടുന്ന സി.പി.എമ്മിന് നന്ദിഗ്രാമിൽനിന്നും ഒന്നും പഠിക്കാൻ കഴിയാത്തത്...? എന്തുകൊണ്ടാണ് പ്രാദേശികമായ ജനങ്ങളുടെ ചെറുത്തുനിൽപ്പുകളെല്ലാം നക്സലൈറ്റ് മുദ്രചാർത്തി ഭരണകൂട ഭീകരതകൊണ്ട് അടിച്ചമർത്തപ്പെടുന്നത്...? ഒരു റിബൽ എങ്ങനെ ഒരു രാജ്യദ്രോഹിയാകും? അരുന്ധതി റോയ് എഴുതുന്നു.**

പോലീസിന്റെയും സർക്കാരിന്റെയും ഭീകരാന്തരീക്ഷത്തിന് എവിടെയായാലും ഒരു വ്യത്യാസവുമില്ല. ഇടതു മുഖ്യധാര അടക്കമുള്ള രാഷ്ട്രീയ പാർട്ടികളുടെ ന്യായങ്ങളും വാചകകസർത്തുകളും ഇതിനോട് സാമ്യമുള്ളതാണ്. മുതലാളിത്ത വെടിയുണ്ടയും കമ്മ്യൂണിസ്റ്റ് വെടിയുണ്ടയും തമ്മിൽ എന്താണ് വ്യത്യാസം ?. വിചിത്രമായ കാര്യങ്ങളാണ് സംഭവിച്ചുകൊണ്ടിരിക്കുന്നത്. സൗദി അറേബ്യയിൽ മഞ്ഞുപെയ്യുന്നു. മൂങ്ങകൾ നട്ടുച്ചക്ക് പറന്നുപോകുന്നു. ചൈനീസ് സർക്കാർ സ്വകാര്യ സ്വത്തുക്കളാകാമെന്ന് നിയമമുണ്ടാക്കികഴിഞ്ഞു. കാലാവസ്ഥാ വ്യതിയാനമുണ്ടാകുന്നു. ഇതിനൊക്കെ തമ്മിൽ എന്തെങ്കിലും ബന്ധമുണ്ടോ എന്ന് എനിക്കറിയില്ല. 21–ാം ഏറ്റവും വലിയ മുതലാളികളായി ചൈനീസ് കമ്മ്യൂണിസ്റ്റുകാർ മാറിക്കഴിഞ്ഞു. പിന്നെങ്ങനെയാണ് നമ്മുടെ ഇടതുപക്ഷത്തിൽനിന്നും വ്യത്യസ്തമായ എന്തെങ്കിലും നമുക്ക് പ്രതീക്ഷിക്കാൻ കഴിയുന്നത്?. നന്ദിഗ്രാമും സിംഗൂരും വ്യക്തമായ അടയാളങ്ങളാണ്. എല്ലാ വിപ്ലവത്തിന്റെയും അവസാനം മുതലാളിത്തമാകുമോയെന്ന് ഇവയെല്ലാം നിങ്ങളെ അത്ഭുതപ്പെടുത്തിയേക്കാം. ഫ്രഞ്ച് വിപ്ലവം, റഷ്യൻ വിപ്ലവം, ചൈനീസ് വിപ്ലവം, വിയറ്റ്നാം യുദ്ധം ഇന്ത്യയിലെ ഗാന്ധിയൻ സ്വാതന്ത്ര്യസമരം; എവിടെയാണ് അവയെല്ലാം അവസാനം എത്തിച്ചേർന്നത്?. ഭാവനയുടെ അവസാനമാണോ ഇത്?.

ഒരു റിബൽ എങ്ങനെ രാജ്യദ്രോഹിയാകും? വർണ വിവേചനത്തിനെതിരെ പോരാടിയിരുന്നവർ രാജ്യദ്രോഹികളായിരുന്നോ? അൾജീരിയയിൽ ഫ്രഞ്ചുകാർക്കെതിരെ സമരം ചെയ്തവരോ അതുപോലെ നാസികൾക്കെതിരെയും കോളനി വാഴ്ചക്കെതിരെയും പോരാടിയവരോ? യു.എസ് അധിനിവേശ ശക്തിക്കെതിരെ ഇറാക്കിൽ യുദ്ധം ചെയ്യുന്നവരും രാജ്യദ്രോഹികളാണോ?

മാവോയിസ്റ്റുകൾ ഭീതിയുടെയും, ഭീഷണിയുടെയും വക്താക്കളാകാമെന്നതിൽ സംശയമില്ല. ഒരുപാട് ക്രൂരകൃത്യങ്ങൾ അവർ ചെയ്തിട്ടുണ്ടാകാമെന്നതും ശരിതന്നെ. ജനങ്ങളുടെ മുഴുവൻ സഹായവും അവർക്ക് കിട്ടുല്ലെന്ന് ഞാൻ കരുതുന്നില്ല. അതാതും സ്ഥലങ്ങളിൽ അനുഭാവികളില്ലാതെ ഒരു ഒളിപ്പോർ സംഘടനക്കും പിടിച്ചു നിൽക്കാൻ കഴിയില്ല. മാവോവാദികളുടെ പ്രചാരം കൂടിക്കൊണ്ടിരിക്കുകയാണ്, കുറയുകയല്ല. ഇതെന്താണ് കാണിക്കുന്നത്? ജനങ്ങൾക്ക് മറ്റുള്ളവരെ അപേക്ഷിച്ച് അഴിമതി കുറവ് കാണിക്കുന്നവരോട് ആഭിമുഖ്യം പ്രകടിപ്പിക്കാനാണ് താൽപര്യം. അനീതി നടപ്പാക്കുന്ന സർക്കാരുമായി ആ അനീതിക്കെതിരെ പോരാടുന്ന ഒരു സമര സംഘടനയെ തുലനം ചെയ്യാനാകില്ല. അഹിംസാത്മകമായ എല്ലാ പ്രതിരോധങ്ങളുടെ നേർക്കും സർക്കാർ വാതിലുകൾ കൊട്ടിയടച്ചിട്ടേയുള്ളൂ. ജനങ്ങൾ ആയുധങ്ങൾ കയ്യിലെടുത്തു കഴിഞ്ഞാൽ ഏതുതരത്തിലുള്ള അക്രമവും സംഭവിക്കും.

വിപ്ലവാത്മകമാകാം, ക്രൂരതയാകാം,

# തീരദേശ പരിപാലനം നിയമം (CMZ) നടപ്പിലാക്കരുത്

ഇന്ത്യയിലെ വിവിധ സാമൂഹ്യപ്രസ്ഥാനങ്ങൾ ഒപ്പിട്ട പ്രസ്താവന

ജൂലൈ 16ഓകൂടി സ്വാമിനാഥൻ കമ്മിറ്റി നൽകിയ നിർദ്ദേശങ്ങൾകൂടി ഉൾപ്പെടുത്തി തീരദേശ പരിപാലനനിയമം ഭേദഗതി വരുത്താനുള്ള പരിസ്ഥിതി വനമന്ത്രാലയത്തിന്റെ തീരുമാനങ്ങളെക്കുറിച്ച് മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തിരുന്നു. പരിസ്ഥിതി വനമന്ത്രാലയത്തിന്റെ ആസൂത്രിതമായ ഈ നീക്കത്തെ ഞങ്ങൾ ശക്തമായി എതിർക്കുന്നു. മുക്കുവർ മറ്റു തീരദേശവാസികൾ സ്ത്രീ-പരിസ്ഥിതി സംഘടനകൾ ട്രേഡ് യൂണിയനുകൾ ഇവരുടെയെല്ലാം എതിർപ്പുകളെ അവഗണിച്ച് സ്വാമിനാഥൻ കമ്മിറ്റി റിപ്പോർട്ട് മുന്നോട്ടുവെച്ച നിർദ്ദേശങ്ങൾ താഴെപ്പറയുന്നവയാണ്.

1. നിലവിലുള്ള തീരദേശ നിയന്ത്രണങ്ങൾ എടുത്തുമാറ്റി തീരദേശം വലിയ തോതിലുള്ള സാമ്പത്തിക ഇടപാടുകൾക്ക് തുറന്നുകൊടുക്കുക.
2. ദുർബലപ്രദേശങ്ങളിലെ വികസനരഹിത മേഖല (No development Zone) എന്നു നിയന്ത്രണം എടുത്തുകളയുക.
3. വിനോദസഞ്ചാരമേഖലകൾ പ്രത്യേക സാമ്പത്തിക മേഖലകൾ ഖനനയൂണിറ്റുകൾ, വ്യവസായ എസ്റ്റേറ്റുകൾ, ഊർജ്ജയൂണിറ്റുകൽ, തുറമുഖങ്ങൾ എന്നിവയ്ക്കുവേണ്ടി തീരദേശപരിധി 12 നോട്ടിക്കൽ മൈൽ വരെയായി ഉയർത്തുക.

തീരദേശത്തെ പാവപ്പെട്ടവരിൽനിന്നും ഭൂമി പിടിച്ചെടുക്കാൻ സൗകര്യമൊരുക്കുന്ന ഈ റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ മനസ്സിലാക്കിയ ജനങ്ങൾ ഇതിനെ നിരസിച്ചുകഴിഞ്ഞു.

10 മില്ല്യനിൽപ്പരം മുക്കുവ കുടുംബങ്ങളെ ദുരിതത്തിലാക്കിക്കൊണ്ട് തീരദേശത്തെ അനിയന്ത്രിതമായി കച്ചവടവൽക്കരിക്കാനുള്ള ശ്രമമാണ് ഇതിലൂടെ നടക്കുന്നത് എന്നത് വ്യക്തമാണ്.

തീരദേശപരിപാലന നിയമം (CMZ 2008) വിജ്ഞാപനം നിലനിറുത്തിക്കൊണ്ടുതന്നെ നിലവിലുള്ള 1991ലെ തീരദേശ നിയന്ത്രണ വിജ്ഞാപനത്തിൽ വിവാദപരമായ സ്വാമിനാഥൻ കമ്മിറ്റിയുടെ നിർദ്ദേശങ്ങൾകൂടി ഉൾപ്പെടുത്തിക്കൊണ്ട് പുറത്തിറക്കാനുള്ള ശ്രമമാണ് നടക്കുന്നത് എന്നത് പരിസ്ഥിതി വനമന്ത്രാലയത്തിന്റെ പ്രസ്താവന സൂചിപ്പിക്കുന്നത്.

നവലിബറൽ നയങ്ങളെ ഉൾക്കൊള്ളുന്നതിനുവേണ്ടി തീരദേശനിയമങ്ങളെ ഭേദഗതി വരുത്തുന്നതിലൂടെ 10 മില്ല്യൺ മുക്കുവ കുടുംബങ്ങൾ ഉൾപ്പെടുന്ന 250 മില്ല്യൻ തീരദേശവാസികളുടെ ജീവിതമാണ് അപകടത്തിലാവുന്നത്. തീരദേശങ്ങളിൽ ഇപ്പോൾ തന്നെയുള്ള നിയമവിധേയമല്ലാത്ത സാമ്പത്തിക ഇടപാടുകളും ഖനനവും വിനോദസഞ്ചാരപ്രവർത്തനങ്ങളും ഹാനികരമായ വ്യവസായ സ്ഥാപനങ്ങളും ഇവിടുത്തെ മുക്കുവ സ്ത്രീകളുടെ തൊഴിൽ പ്രവർത്തികളെ പ്രതികൂലമായി ബാധിക്കുന്നുണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾക്ക് പൂർണസ്വാതന്ത്ര്യം നൽകിക്കൊണ്ട് പൂർണ്ണസ്വാതന്ത്ര്യം നൽകിക്കൊണ്ട് തീരദേശനിയമത്തെ ഭേഗഗതി വരുത്തുകയാണെങ്കിൽ അത് തങ്ങളുടെ ഉപജീവനമാർഗ്ഗത്തെ ഇല്ലാതാക്കുമെന്നും തങ്ങൾക്ക് അടിസ്ഥാനസേവനങ്ങൾ അപ്രാപ്യമാക്കുമെന്നും അതുവഴി സാംസ്കാരിക ഒറ്റപ്പെടലിനും ലൈംഗികചൂഷണങ്ങൾക്കും വിധേയമാകേണ്ടിവരുമെന്നുള്ള ഭയം തീരദേശത്തെ മുക്കുവ സ്ത്രീകൾക്കുണ്ട്. കൂടാതെ ഇത്തരം പ്രവർത്തനങ്ങൾ തീരമിടിച്ചിലിനും വഴിവയ്ക്കും. അതുകൊണ്ട് താഴെപ്പറയുന്ന കാര്യങ്ങൾ മാത്രമാണ് ഇനി ഞങ്ങൾക്ക് മുന്നോട്ടുവയ്ക്കാനുള്ളത്.

1. തീരദേശ പരിപാലന വിജ്ഞാപനം 2008 (CMZ 2008) കൊണ്ടുവരാനുള്ള ശ്രമങ്ങളെ തടയുക.
2. സ്വാമിനാഥൻ കമ്മിറ്റി റിപ്പോർട്ടിലെ നിർദ്ദേശങ്ങളെ തള്ളിക്കളയുക.
3. 1991ലെ തീരദേശ നിയന്ത്രണ വിജ്ഞാപനം അതേപടി നടപ്പിലാക്കുക.
4. 1991ലെ തീരദേശ നിയന്ത്രണ വിജ്ഞാപനത്തിൽ മാറ്റം വരുത്താൻ ശ്രമിച്ചവരെ കണ്ടെത്തി ശിക്ഷിക്കുക.
5. തീരദേശങ്ങളിൽ വീട് നിർമ്മിക്കുക. കടൽവിഭവങ്ങൾ ഉപയോഗിക്കുക തുടങ്ങിയ മുക്കുവരുടെ അവകാശങ്ങളേയും അവരുടെ സാംസ്കാരിക അവകാശങ്ങളേയും മാനിക്കുക. അംഗീകരിക്കുക.

*പരിഭാഷ : സീന*

കുറ്റ കൃത്യങ്ങളാകാം. സർക്കാർ സൃഷ്ടിക്കുന്ന ഭീകരാവസ്ഥക്ക് ഉത്തരവാദികളും സർക്കാർ തന്നെയാണ്.

മാവോയും സ്റ്റാലിനുമൊക്കെ കൊലപാതകചരിത്രമുള്ള നേതാക്കളായിരുന്നു. അവരുടെ ഭരണത്തിൻ കീഴിൽ ലക്ഷക്കണക്കിനാളുകൾ കൊല്ലപ്പെട്ടിട്ടുണ്ട്. റഷ്യയിലും ചൈനയിലും സംഭവിച്ചതിനു പുറമെ പോൾ പോട്ട് ചൈനീസ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ സഹായത്തോടെ കംബോഡിയയിൽ 2 മില്ല്യൺ ജനങ്ങളെ തുടച്ചുനീക്കിയിട്ടുണ്ട്. അതിനുമെത്രയോ ലക്ഷം പേരെ നിത്യപട്ടിണിയിലേക്ക് നയിച്ചിട്ടുണ്ട്. ചൈനയിലെ സാസ്കാരിക വിപ്ലവം സംഭവിച്ചില്ലെന്ന് പറയാമോ? സോവിയറ്റ് യൂണിയനിൽ എത്രയോലക്ഷം പേർ ലേബർ ക്യാമ്പുകളിലും, പീഢനമുറികളിലും ചത്തൊടുങ്ങി? പടിഞ്ഞാറൻ മുതലാളിത്തത്തിന്റെ ചരിത്രത്തിൽ തന്നെയാണ് മേൽപറഞ്ഞ ഭരണകാലങ്ങളുമുള്ളത്. കാലയളവ് മാത്രം ചെറുതായിരുന്നു. ടിബറ്റിനെയും ചൈനയെയും കുറിച്ച് മൗനം പാലിക്കുമ്പോൾ ഇറാഖ്, പലസ്തീൻ, കാശ്മീർ എന്നിവിടങ്ങളിലെ അധിനിവേശങ്ങളെ തള്ളിപ്പറയാനാകില്ല നമുക്ക്. ഭൂതകാലം ആവർത്തിക്കില്ലെന്ന് നമുക്കാശിക്കാം, എന്നാൽ അതൊരിക്കലും ഉണ്ടായിട്ടില്ലെന്ന് പറയുന്നത് ഒരാത്മവിശ്വാസവും ഉണ്ടാക്കില്ല.

*(അരുന്ധതി റോയിയുടെ*
*'ഷേപ് ഓഫ് ദി ബീറ്റ്സ്'*
*എന്ന പുസ്തകത്തിൽ നിന്ന്)*